എഡിറ്റോറിയൽ

ഡിസംബർ 2009

എഡിറ്റർ
ജോർജ്ജ് കാടൻകാവിൽ



# മേരിക്കുട്ടീടെ പേരെന്താ



പെണ്ണുകാണാൻ പോയിട്ടുള്ള ചില പയ്യന്മാരെങ്കിലും ചോദിച്ചിട്ടുള്ള ഒരു ചോദ്യമാണിത്. എന്റെ പേരു മേരിക്കുട്ടീന്നാ എന്നൊരു മറുപടി കൂടി വന്നാൽ കേൾക്കുന്നവർക്ക് ചിരിക്കാനും വകയായി.

ബുദ്ധിയുടെ തലത്തിൽ നിന്നും ചിന്തിക്കുമ്പോൾ ഇതൊരു മണ്ടൻ ചോദ്യമാണ്, പെണ്ണിന്റെ മറുപടിയും തഥൈവ. ചക്കീം കൊള്ളാം ചങ്കരും കൊള്ളാം എന്നു പറഞ്ഞ് , കേട്ടു നിൽക്കുന്ന കാരണവന്മാർ ആലോചന അവസാനിപ്പിക്കാൻ വരട്ടെ, ഇവർ നല്ല ജോഡിയാകാൻ സാദ്ധ്യതയുണ്ട്.

ചോദ്യം പുറപ്പെട്ടത് പയ്യന്റെ ഹൃദയത്തിൽ നിന്നാണോ, വിവരക്കേടിൽ നിന്നാണോ എന്ന് മനസ്സിലാക്കണം. ഉത്തരം വന്നത് പെണ്ണിന്റെ ഹൃദയത്തിൽ നിന്നാണോ അതോ വിവരക്കേടിൽ നിന്നാണോ എന്നും തിരിച്ചറിയണം. അതിന്, വിവരമുള്ളവർ അവരോട് കുറച്ച് സംസാരിച്ചാൽ മനസ്സിലാകും. രണ്ടും അവരുടെ ഹൃദയത്തിൽ നിന്നും പുറപ്പെട്ടതാണെങ്കിൽ അവരുടെ ഹൃദയങ്ങൾ തമ്മിൽ നല്ല ഐക്യമുണ്ട്.

തീരുമാനങ്ങൽ എടുക്കാൻ മനുഷ്യന്റെ ബുദ്ധി പരിഗണിക്കുന്നത്, ഭൗതിക ഘടകങ്ങളെയാണ്. സ്വത്ത് , ജോലി, പണം സുഖ സൗകര്യങ്ങൾ, സൗന്ദര്യം, ആരോഗ്യം, കഴിവുകൾ തുടങ്ങി വിവാഹ തീരുമാനം എടുക്കാൻ ബുദ്ധി പരിഗണിച്ച ഏതെങ്കിലും ഘടകത്തിൽ പിന്നീട് മാറ്റം വന്നാൽ, സ്വന്തം തീരുമാനത്തെ തള്ളിപ്പറയാനായിരിക്കും

www.BethlehemMatrimonial.com

ബുദ്ധി ശ്രമിക്കുക.

എന്നാൽ ഹൃദയം പരിഗണിക്കുന്നത് അനുഭൂതികളാണ്. മറ്റേ ആളിന്റെ സാന്നിദ്ധ്യം, സാമീപ്യം, പെരുമാറ്റം, ഇടപഴകൽ, ഭാവം, സ്പർശനം, ദർശനം, പ്രതികരണം ഇതിലേതെങ്കിലുമോ, ഇതെല്ലാം കൊണ്ടോ ഹൃദയം ഒരു തീരുമാനമെടുത്താൽ പിന്നെ ഏതെല്ലാം ഘടകങ്ങൾ മാറിയാലും, എത്ര പ്രതികൂല സാഹചര്യങ്ങൾ വന്നാലും, ഹൃദയം പിന്മാറില്ല.

ബുദ്ധി ഉപയോഗിക്കേണ്ട എന്നല്ല, വരും വരായ്മകൾ ചിന്തിക്കണം. വേറെ വിവാഹം കഴിച്ചതാണോ? ക്രിമിനൽ പശ്ചാത്തലമുണ്ടോ, മാറാ രോഗങ്ങളുണ്ടോ, മാനസിക പ്രശ്നങ്ങളുണ്ടോ? തൊഴിൽ, വിദ്യാഭ്യാസം, ബന്ധങ്ങൾ, സാമ്പത്തിക സ്ഥിതി തുടങ്ങിയ കാര്യങ്ങളെ കുറിച്ച് അവർ പറയുന്നത് വാസ്തവമാണോ? ഒരുമിച്ചുള്ള ജീവിതം പ്രായോഗികമാണോ? എന്നൊക്കെ ബുദ്ധി ഉപയോഗിച്ച് അന്വേഷിക്കണം. ഈ ശ്രമം മാതാപിതാക്കളാണ് സാധാരണ ഏറ്റെടുക്കുന്നത്.

അംഗീകരിക്കാൻ സമ്മതമല്ലാത്ത വിവരങ്ങൾ അന്വേഷണത്തിൽ ലഭിച്ചിട്ടില്ല എങ്കിൽ, തമ്മിൽ കാണാനവസരം ഉണ്ടാക്കുക. നേരിൽ കാണുമ്പോൾ, സ്വന്തം ഹൃദയത്തോടു ചോദിക്കണം, ഈ ആളുമായി ചേർന്ന് എല്ലാവിധ അനുഭൂതികളും സൃഷ്ടിച്ച് മരണം വരെ ജീവിക്കാൻ ഞാൻ തയ്യാറാണോ എന്ന്, അതേ, എന്നാണ് ഹൃദയത്തിന്റെ മറുപടി എങ്കിൽ, പകുതി തീരുമാനം നടന്നു.

ബാക്കി പകുതി അറിയണമെങ്കിൽ, അയാളോട് സംസാരിക്കണം. എന്റെ ഒപ്പം ചേർന്ന് എല്ലാവിധ അനുഭൂതികളും സൃഷ്ടിച്ച് മരണം വരെ ജീവിക്കാൻ അയാൾ തയ്യാറാണോ? ഒന്നുകിൽ ഇതേ ചോദ്യം തന്നെ നേരിട്ട് ചോദിക്കാം. അല്ലെങ്കിൽ മേരിക്കുട്ടീടെ പേരെന്താ എന്ന് ചോദിച്ച പോലെ, ഹൃദയത്തിൽ ഉയരുന്നതെന്തോ അത് ചോദിക്കുക, ഹൃദയത്തിന് ഉത്തരം കിട്ടും. നിങ്ങളുടെ പങ്കാളിയാണെങ്കിൽ നിങ്ങളുടെ ഹൃദയം ടിക് ചെയ്യും. ഇനി, ഹൃദയം പറയുന്ന പോലെ തീരുമാനിക്കുക.

കല്യാണക്കാര്യത്തിൽ ഹൃദയത്തിന്റെ തീരുമാനമാണ് സർവ്വ പ്രധാനം. പരസ്പര വിശ്വാസമാണ് കുടുംബ ബന്ധത്തിന്റെ അടിത്തറ. പക്ഷേ മിക്ക മനുഷ്യരും, ഹൃദയത്തെ ശ്രദ്ധിക്കാറില്ല. ഓരോരോ സാദ്ധ്യതകൾ ചിന്തിച്ച്, സംശയിച്ചു കൊണ്ടേയിരിക്കും.

**If you cannot accept anything in Faith, Then your life will be dominated by Doubts**

More Articels: http://www.bethlehemmatrimonial.com/editorial.html

www.BethlehemMatrimonial.com